**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 21.03.2013-ൽ |
| ചോദ്യം നമ്പർ - 1335 | മറുപടിയ്ക്ക് |

**തങ്കളം-കോയിപ്പള്ളി ബൈപ്പാസ് റോഡിന്റെ നിർമ്മാണം**

| ചോദ്യം<br>ശ്രീ.റ്റി.യു. കുരുവിള | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) കോതമംഗലം നിയോജകമണ്ഡലത്തിലെ തങ്കളം-കോയിപ്പള്ളി ബൈപ്പാസ് റോഡിന്റെ നിർമ്മാണം മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുത ബൈപ്പാസ് റോഡിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ; | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തങ്കളം-കോഴിപ്പിള്ളി ബൈപ്പാസ് റോഡ് 0/000 മുതൽ 2/811 വരെയുള്ള ഭാഗത്തെ പ്രവൃത്തികൾ ഏറ്റെടുത്തിരുന്ന കരാറുകാരന്, യഥാസമയം പൂർണ്ണമായും തടസ്സങ്ങൾ മാറ്റി സ്ഥലം ലഭ്യമല്ലാതിരുന്നതിനാൽ ഏകദേശം 30% പ്രവൃത്തികൾ മാത്രമേ പൂർത്തിയാക്കാൻ കഴിഞ്ഞിരുന്നുള്ളൂ. കരാർ കാലാവധി കഴിഞ്ഞിരുന്നതിനാൽ കരാറിൽ നിന്നും വിടുതൽ ചെയ്യണമെന്ന കരാറുകാരന്റെ അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു |
| (സി) പ്രസ്തുത ബൈപ്പാസ് റോഡിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നാണു പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ? | (സി) ഇപ്പോൾ പറയാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ